**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6797** **21-03-2023 - ൽ മറുപടിയ്ക്ക്**

**റവന്യൂ റിക്കവറി നോട്ടീസ് ലഭിച്ചതിന് ശേഷവും വായ്പാ കുടിശിക അടക്കാൻ അവസരം നൽകുന്ന നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി,<br>ശ്രീ കെ ബി ഗണേഷ് കുമാർ,<br>ശ്രീ തോമസ് കെ തോമസ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ബാങ്കുകൾ ഉൾപ്പെടെയുള്ള ധനകാര്യ സ്ഥാപനങ്ങളിൽ നിന്നെടുത്ത വായ്പകൾ തിരിച്ചടക്കുവാൻ സാധിക്കാതെ വരുന്ന സാഹചര്യത്തിൽ റവന്യൂ റിക്കവറി നോട്ടീസ് ലഭിച്ചതിന് ശേഷവും വായ്പാ കുടിശിക ഗഡുക്കളായി അടക്കാൻ അവസരം നൽകി വന്നിരുന്നത് നിർത്തലാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (എ) | ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C)24799/2018-മേലുള്ള 09.08.2019 -ലെ വിധിന്യായം പ്രകാരം HDFC ബാങ്ക് കുടിശ്ശികയ്ക്ക് ഗഡുക്കൾ അനുവദിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവുകൾ ബഹു. കോടതി റദ്ദാക്കിയിരുന്നു. ആയതിനെതിരെ സർക്കാർ റിട്ട് അപ്പീൽ (WA No.864/2022) ഫയൽ ചെയ്യുകയും പ്രസ്തുത റിട്ട് അപ്പീൽ ബഹു. ഹൈക്കോടതി 30.09.2022-ൽ തള്ളി തീർപ്പാക്കുകയും ചെയ്തു. പ്രസ്തുത വിധി ന്യായത്തിൽ കേരള റവന്യൂ റിക്കവറി ആക്ട് 1968-ൽ കുടിശ്ശിക തുക ഗഡുക്കളായി ഒടുക്കുന്നതിന് അനുവദിക്കാൻ സർക്കാരിനോ മന്ത്രിക്കോ അധികാരം നൽകുന്നില്ല എന്ന് പ്രതിപാദിച്ചിട്ടുണ്ട്. ടി വിധിന്യായം സർക്കാരിൽ ലഭിച്ചതിനു ശേഷം സർക്കാർ, സഹകരണ ബാങ്ക് കുടിശ്ശികയ്ക്ക് മാത്രമാണ് തവണ അനുവദിച്ചു വരുന്നത്. |
| (ബി) | ആയത് പുന:സ്ഥാപിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കാമോ; | (ബി) | വായ്പാ കുടിശ്ശികകൾക്ക് ഗഡുക്കൾ അനുവദിക്കുന്നതിന് റവന്യൂ റിക്കവറി ആക്ടിൽ ആവശ്യമായ ഭേദഗതികൾ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | ബാങ്കുകളുടെ റവന്യൂ റിക്കവറി നടപടികൾ നിർത്തിവയ്ക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | നിലവിലെ റവന്യൂ റിക്കവറി ആക്ടിലെ വ്യവസ്ഥകൾ പ്രകാരം റവന്യൂ റിക്കവറി നടപടികൾ നിർത്തിവയ്ക്കാൻ സാധിക്കുന്നതല്ല. |

സെക്ഷൻ ഓഫീസർ